**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 214 — 10.10.2011 -ൽ മറുപടിക്ക്

**പകർച്ചാവ്യാധികൾ - പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.സി.ദിവാകരൻ:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പകർച്ചാ വ്യാധികൾ മൂലം മരണനിരക്ക് ഉയർന്നുവരുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്ത മാക്കുമോ ; | (എ) | നൽകിയിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളിലൂടെയും, പത്രമാധ്യമങ്ങളിലൂടെയും, ബിറ്റ് നോട്ടീസ് വിതരണത്തിലൂടെയും ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ രോഗ ലക്ഷണങ്ങൾ ഉള്ളവർ എത്രയും പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിൽ വിദഗ്ധ ചികിത്സ നേടാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ബോധവത്ക്കരണത്തിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആരോഗ്യ പ്രവർത്തകരുടെയും, ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ പരിസര ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി നശീകരണം, ഓട വൃത്തിയാക്കൽ തുടങ്ങിയവ നടത്തി ആരോഗ്യ ബോധവത്ക്കരണം നടത്തുന്നു.<br>ജനങ്ങളോട് തിളപ്പിച്ചാറിയ ജലം ഉപയോഗിക്കാനും ആഹാരത്തിന് മുൻപ് സോപ്പ് ഉപയോഗിച്ച് കൈ വൃത്തിയാക്കാനും |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ചു. സംസ്ഥാനത്തെ ഹോട്ടലുകൾ, ഹോസ്റ്റലുകൾ, മേള സ്ഥലങ്ങൾ, ഉത്സവ സ്ഥലങ്ങൾ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ ആഴ്ചയിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം തരത്തിലുള്ള രോഗ ങ്ങളാണ് പടർന്ന് പിടിക്കുന്ന തെന്ന് വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്ത് 2011 സെപ്റ്റംബർ മാസത്തിൽ എലിപ്പനി കേസുകളും മരണങ്ങളും കൂടുതലായിട്ട് റിപ്പോർട്ട് ചെയ്തത് കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ്. കൂടാതെ എറണാകുളം, കോട്ടയം ജില്ലകളിൽ ഹെപ്പറ്റൈറ്റിസ് -എ യും കൂടുതലായിട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ജാഗ്രതാ നിർദ്ദേശങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്ന തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | ഇത്തരത്തിലുള്ള ഒരു പരാതിയും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ഫലപ്രദമായ പകർച്ച വ്യാധി നിയന്ത്രണത്തിന് പല കാര്യങ്ങളും തടസ്സമാകുന്നുണ്ട്. ജല സ്രോതസ്സുകളുടെ മലിനീകരണം, കാലാവസ്ഥാ വ്യതിയാനങ്ങൾ, ഖരമാലിന്യങ്ങൾ അടിഞ്ഞ് കൂടുന്നത് എന്നിവ പകർച്ച വ്യാധികൾക്ക് അനുകൂല സാഹചര്യം ഉളവാക്കുന്നു. ഇത് ദീർഘകാലാടിസ്ഥാന ത്തിലുള്ള മാലിന്യ വിമുക്ത കേരളം പരിപാടി യിലൂടെയും, പകർച്ചവ്യാധി ആരോഗ്യ ബോധവത്ക്കരണ പരിപാടിയിലൂടെയും മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | മരണ നിരക്ക് കൂടുന്നതായും യഥാസമയം പ്രതിരോധ-നിയന്ത്രണ-ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് പരാജയപ്പെട്ടതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ഇല്ല. സംസ്ഥാനത്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങളും, രോഗ നിയന്ത്രണ പ്രവർത്തനങ്ങളും , ഊർജ്ജിതപ്പെടുത്തി നടപ്പിലാക്കുന്നതോടൊപ്പം രോഗം നേരത്തെ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് ചികിത്സിക്കുന്നതിനാവശ്യമായ സംവിധാനം കൂടി കാര്യക്ഷമമാക്കിയിട്ടുണ്ട്. |

Sreenath

സെക്ഷൻ ഓഫീസർ

R